04.02.22

14/02/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1132(4)/15/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.7033/എസ്.ഐ.സി–ജി2/2015 )

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 04.02.2022

ശ്രീ. പി.ആർ.മോഹൻദാസ്,
പൊരുവേലി ഹൗസ്,
അയ്യപ്പൻകാവ്, കൊച്ചി–18. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ്, എറണാകുളം,
   പാർക്ക് അവന്യു റോഡ്, കൊച്ചി. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   തഹസീൽദാർ,
   താലൂക്ക് ഓഫീസ്, കണയന്നൂർ.

### അന്തിമ ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 03.03.2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്.

2) ഒന്നാം എതിർകക്ഷി കമ്മീഷന്റെ ഹിയറിംഗിൽ പങ്കെടുക്കാതിരുന്നതും, പിന്നീട് കമ്മീഷൻ നിർദ്ദേശിച്ചിട്ടും നേരിട്ടെത്തി വിശദീകരണം നൽകാതിരുന്നതും ഗുരുതരമായ അച്ചടക്കലംഘനവും, നിഷേധാത്മക സമീപനവുമാണെന്നും, ഇതിനു നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് രണ്ടാഴ്ച്ചയ്ക്കുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ് എന്നുമായിരുന്നു ടി ഉത്തരവിൽ പറഞ്ഞിരുന്നത്. ഇതനുസരിച്ച് 25.06.2021 ൽ ഒന്നാം എതിർകക്ഷി കമ്മീഷന് വിശദീകരണം നൽകി. അതിപ്രകാരമായിരുന്നു.

"ബഹു.കമ്മീഷന്റെ 18.10.2019 ലെ വിചാരണ നോട്ടീസ് ഈ ആഫീസിന്റെ സമീപ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇൻഫർമേഷൻ ഓഫീസിലാണ് ലഭിച്ചിരുന്നത്. വിചാരണ തീയതിയായ 18.10.2019 ന് ഉച്ചയ്ക്കു ശേഷം മാത്രമാണ് നോട്ടീസ് ലഭിച്ചത്. ആയതിനാലാണ് ബഹു.കമ്മീഷൻ നിർദ്ദേശിച്ചതു പ്രകാരം യഥാസമയം വിചാരണയ്ക്കു ഹാജരാകാൻ കഴിയാതെ വന്നത്. എന്നിരുന്നാലും, ആയതു സംബന്ധിച്ച് അന്നേ ദിവസം തന്നെ അങ്ങയുടെ ഓഫീസുമായി ഫോണിൽ ബന്ധപ്പെട്ട് വിവരം ബോധിപ്പിക്കുകയും, തുടർന്ന് മറ്റൊരു വിചാരണ തീയ്തി അനുവദിച്ചു തരുന്നതാണെന്ന് അറിയിക്കുകയും ചെയ്തിരുന്നു. പിന്നീട്, വിചാരണ സംബന്ധിച്ചോ, വിശദീകരണം സമർപ്പിക്കേണ്ടത് സംബന്ധിച്ചോ ബഹു.കമ്മീഷന്റെ അറിയിപ്പുകളൊന്നും ലഭിക്കാതിരുന്നതിനാലാണ് ആയത് സമർപ്പിക്കാൻ കഴിയാതെ പോയത്.

ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത് എറണാകുളം ജില്ലയിലെ 61/22 എന്ന സർവ്വേ നമ്പറിന്റെ ബി ടി ആർ, തണ്ടപ്പേർ പകർപ്പുകളാണ്. എന്നാൽ, എറണാകുളം ജില്ലയിലെ നിലവിലെ ബി ടി ആർ രജിസ്റ്റർ പ്രകാരം 61/22 എന്ന സർവ്വേ നമ്പർ വന്നിട്ടില്ലാത്തതാണ്. അതുകൊണ്ടു തന്നെ അതു സംബന്ധിച്ച തണ്ടപ്പേർ പകർപ്പ് ഇല്ലാത്തതാണ്. 61/17വരെ മാത്രമാണ് നിലവിൽ നമ്പറുകൾ വന്നിട്ടുള്ളതെന്ന് കാണുന്നു".

3) ഒന്നാം എതിർകക്ഷിയുടെ വിശദീകരണം ആത്മാർത്ഥമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 04.02022 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION • THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va